**റിപ്പബ്ലിക് ഓഫ് ബെലാറസിലെ പ്രസിഡണ്ടിന്റെ സന്ദര്ശനം (11-12 , സെപ്തംബര് 2017 )**

സെപ്തംബര്‍ 11, 2017

റിപ്പബ്ലിക് ഓഫ് ബെലാറസിലെ പ്രസിഡണ്ട് ഹിസ് എക്സലന്സി ശ്രീ എ്.ജി ലുകഷെന്കോ ഇന്ത്യയുടെ രാഷ്ട്രപതിയുടെ ക്ഷണാര്ഥം , 11-12 , സെപ്തംബര്‍ 2017 ല്‍ ഇന്ത്യ ഔദ്യോഗികമായി സന്ദര്ശിക്കും

ഇന്ത്യയും ബെലാറസും തങ്ങളുടെ നയതന്ത്ര ബന്ധങ്ങള്‍ സ്ഥാപിച്ചതിന്റെ ഇരുപത്തിയഞ്ചാമത് വാര്ഷികം ആഘോഷിക്കുന്ന വര്ഷത്തിലാണ് സന്ദര്ശനം നടക്കുന്നത് .സന്ദര്ശനത്തിന്റെ ഭാഗമായി പ്രസിഡണ്ട് ലുകഷെന്കോ ഇന്ത്യയുടെ രാഷ്ട്രപതി ശ്രീ രാംനാഥ് കോവിന്ദ്, ഉപരാഷ്ട്രപതി ശ്രീ വെങ്കയ്യ നായിഡു , പ്രധാനമന്ത്രി ശ്രീ നരേന്ദ്ര ,മോദി , കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജ് എന്നിവരുമായി കൂടിക്കാഴ്ച നടത്തും

പ്രതിരോധം, സുരക്ഷ, വ്യാപാരം നിക്ഷേപം, ശാസ്ത്ര സാങ്കേതികവിദ്യ , ജനങ്ങള്‍ തമ്മിലുള്ള വിനിമയം എന്നിവയിലെ ഉഭയകക്ഷി സഹകരണം സന്ദര്ശനത്തില്‍ ചര്ച്ചചെയ്യപ്പെടുമെന്ന് ഇരു വിഭാഗവും പ്രതീക്ഷിക്കുന്നു. പരസ്പരം താത്പര്യമുള്ള മേഖലാ, ബഹുമുഖ തല വിഷയങ്ങളില്‍ കാഴ്ചപ്പാടുകളും വിലയിരുത്തലും അവര്‍ പങ്കുവയ്ക്കും , പ്രസിഡണ്ട് ലുകഷെന്കോയുടെ ഒപ്പം എത്തുന്ന വലിയ പ്രതിനിധി സംഘത്തിലെ അംഗങ്ങള്ക്ക് , ബിസിനസ് സാധ്യതകളും സഹകരണ മേഖലകളും കണ്ടെത്തുവാന്‍ വേണ്ടി ഒരു ബിസിനസ് ഫോറവും സമാന്തര യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്

ന്യൂഡെല്ഹി
സെപ്തംബര്‍ 11, 2017